**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 123** **05-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് ക്വാർട്ടേഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പോലീസ് ക്വാർട്ടേഴ്സുകൾ ജീർണ്ണാവസ്ഥയിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മാന്നാർ പോലീസ് ക്വാർട്ടേഴ്സ് വാസയോഗ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 1550 പോലീസ് ക്വാർട്ടേഴ്സുകൾ പഴക്കമേറിയതും ജീർണ്ണാവസ്ഥയിലുമാണ്. മാന്നാർ പോലീസ് സ്റ്റേഷനിൽ 17ഫാമിലി ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്. ആയതിൽ 8 ക്വാർട്ടേഴ്സുകൾ ഉപയോഗ യോഗ്യമാക്കാനാവാത്തവിധം ജീർണ്ണിച്ച അവസ്ഥയിലാണ്. ബാക്കിയുള്ള 9 പോലീസ് ക്വാർട്ടേഴ്സുകൾ അറ്റകുറ്റപണികൾ ചെയ്ത് വാസയോഗ്യമാക്കാവുന്നതാണ്. പ്രസ്തുത 9 പോലീസ് ഫാമിലി ക്വാർട്ടേഴ്സുകൾ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള നടപടികൾ പോലീസ് മേധാവി കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | (എ) യിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ